**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2776 — 17.10.2016 ൽ മറുപടിക്ക്

## പ്രൈമറി ഹെൽത്ത് സെൻററുകളിലെ തസ്തിക നിർണ്ണയം

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2006 - 2011 കാലയളവിൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പി. എച്ച്. സി. കളാണ് സി. എച്ച്. സി. കളായി അപ്ഗ്രേഡ് ചെയ്തത് എന്ന് വിശദമാക്കാമോ; ഇവയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഇതുവരെയും തസ്തിക നിർണ്ണയം /പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ലാത്ത സി. എച്ച്. സി. കൾ ഏതെല്ലാം; | (എ) | കുരാച്ചുണ്ട്, കുന്നുമ്മേൽ എന്നീ പി.എച്ച്.സി.കളും ചെറുവാടി, മേലടി, വളയം, ഒളവണ്ണ, ചെറുവണ്ണൂർ എന്നീ ബ്ലോക്ക് പി.എച്ച്.സി.കളും സി. എച്ച്. സി. കളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങളിലൊന്നും തന്നെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ പാറ്റേൺ അനുസരിച്ച് തസ്തിക സൃഷ്ടിച്ചിട്ടില്ല. |
| (ബി) | കൊയിലാണ്ടി മണ്ഡലത്തിലെ പ്രധാനപ്പെട്ട മേലടി, തിരുവങ്ങൂർ സി. എച്ച്. സി. കളിലും ഇതുവരെയും പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കൊയിലാണ്ടി മണ്ഡലത്തിലെ ഈ രണ്ട് സി. എച്ച്. സി. കളുടെ കാര്യത്തിൽ മുൻസർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിലേക്ക് ഡി.എം.ഒ. സമർപ്പിച്ചിരുന്ന പ്രൊപ്പോസലുകളുടെ വിശദാംശം നൽകുമോ; | (സി) & (ഡി) | കൊയിലാണ്ടി മണ്ഡലത്തിലെ മേലടി, തിരുവങ്ങൂർ സി.എച്ച്.സി കളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച പ്രൊപ്പോസൽ ജില്ലാ ആഫീസർമാരിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിരുന്നു. സർക്കാരിന്റെ സജീവ പരിഗണനയിലുള്ള സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സൗകര്യം ഒരുക്കുന്ന പദ്ധതിയിലും സ്റ്റാൻഡേർഡൈസേഷൻ പ്രൊപ്പോസലിലും മേൽ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | 2010 മുതൽ നിരന്തരമായി ആവശ്യപ്പെടുന്ന ഈ കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ